ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, മത്സ്യം ഗവൺമെന്റിന്റെ ഐസ് പ്ലാന്റുകളിൽ എത്തിച്ച് അവിടെനിന്നും സാധാരണക്കാരായ ആളുകൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ആണിത്. അതിന്റെ വിലയുടെ കാര്യത്തിൽ നമുക്ക് നിയന്ത്രിക്കാൻ പറ്റില്ല. കാരണം കൃഷിക്കാർ കൃഷി ചെയ്തുണ്ടാക്കുന്നതിന്റെ വില നമ്മൾ നിയന്ത്രിക്കാൻ നോക്കിയാൽ അത് പ്രശ്നമാകും. അതേസമയത്ത് മത്സ്യം കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ എല്ലാ സ്ഥലത്തും ഉണ്ടാകുന്ന മുറയ്ക്ക് ഇതിന് പരിഹാരം ഉണ്ടാക്കാൻ കഴിയും.

'ജനകീയ മത്സ്യക്കൃഷി പദ്ധതി'

3 (*243) ശ്രീ. എ. കെ. മണി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ജനകീയ മത്സ്യക്കൃഷി' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി പ്രകാരം മത്സ്യക്കൃഷി നടത്തിയിട്ടുണ്ട് ;

(സി) എത്ര മത്സ്യം ഉൽപ്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്. 1997-98 മുതൽ ജനകീയ മത്സ്യക്കൃഷി പദ്ധതി നടപ്പാക്കി വരുന്നു.

(ബി) 1997-98-ൽ 3257 ഹെക്ടറിലും 1998-99-ൽ 6620 ഹെക്ടറിലും 1999-2000-ൽ നാളിതുവരെ 7931.16 ഹെക്ടർ ജലാശയങ്ങളിലും ഈ പദ്ധതി പ്രകാരം മത്സ്യക്കൃഷി നടത്തിയിട്ടുണ്ട്.

(സി) 1997-98-ൽ 6110 ടൺ ശുദ്ധജല മത്സ്യവും 300 ടൺ ആറ്റുകൊഞ്ചും 1300 ടൺ ചെമ്മീനും, 1998-99-ൽ 13750 ടൺ ശുദ്ധജല മത്സ്യവും 1000 ടൺ ആറ്റുകൊഞ്ചും 1125 ടൺ ചെമ്മീനും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. നടപ്പുവർഷം 20.000 ടൺ ശുദ്ധജല മത്സ്യവും 2000 ടൺ ആറ്റുകൊഞ്ചും 2000 ടൺ ചെമ്മീനും ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീ. എം. മുരളി : സർ, ജനകീയ മത്സ്യക്കൃഷി പദ്ധതി 3 വർഷക്കാലമായി നടത്തി കൊണ്ടിരിക്കുന്നു. അത് ഏത് രീതിയിലാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത് ; ഏത് ഏജൻസിയാണ് ജനകീയ മത്സ്യക്കൃഷിക്ക് നേതൃത്വം കൊടുക്കുന്നത് ; ആ പദ്ധതിക്ക് നേതൃത്വം കൊടുക്കുന്ന ചുമതല ത്രിതല പഞ്ചായത്തുകളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് നടപ്പിലാക്കാൻ ഗവൺമെന്റ് നയപരമായ തീരുമാനം എടുക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇത് പഞ്ചായത്തുകൾ വഴിയാണ്. പഞ്ചായത്തുകൾക്ക് ഗവൺമെന്റ് സഹായം നൽകി ഹാച്ചറികൾ ഉള്ള സ്ഥലത്തുനിന്ന് സൗജന്യമായി വിത്ത് വാങ്ങി അങ്ങനെ പഞ്ചായത്തുകൾ വഴി അവരാണ് കുളങ്ങളെല്ലാം തെരഞ്ഞെടുത്ത് നേതൃത്വം കൊടുക്കുന്നത്. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയിട്ടുള്ള കൃഷി ഡിപ്പാർട്ടുമെന്റിലെ

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ചെന്ന് കുളങ്ങൾ പരിശോധിച്ച് രണ്ടു പുരുഷന്മാരും ഒരു സ്ത്രീയും അടങ്ങുന്ന മോട്ടിവേറ്റേഴ്സ് ആദ്യം പോയി, വറ്റുന്ന കുളങ്ങൾ ഏതാണ്, ജലാശയങ്ങൾ ഏതാണ് എന്നതിനെപ്പറ്റി തിട്ടപ്പെടുത്തി പഞ്ചായത്തുകൾക്ക് റിപ്പോർട്ട് കൊടുക്കുന്നു. പഞ്ചായത്തുകൾ വഴിയാണ് ഇത് നടപ്പാക്കുന്നത്.

ശ്രീ. എം. മുരളി : ജനകീയ മത്സ്യക്കൃഷിക്ക് ഇപ്പോൾ കൊടുക്കുന്ന പദ്ധതിയെക്കുറിച്ച് അങ്ങ് പറഞ്ഞു. ത്രിതല പഞ്ചായത്ത് വഴിയാണെന്നു പറഞ്ഞു. ഇപ്പോൾ കൊടുക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ? മത്സ്യക്കൃഷി ഇപ്പോൾ കുറഞ്ഞിരിക്കുന്ന ഉൾനാടൻ മേഖലയിൽ ജനകീയമത്സ്യക്കൃഷി വ്യാപകമാക്കാൻ ഈ നടപ്പുവർഷത്തിൽ അല്ലെങ്കിൽ വരുന്ന സാമ്പത്തിക വർഷം ഗവൺമെന്റ് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ പദ്ധതി ഉൾനാടൻ പ്രദേശങ്ങളിലാണ്. അതിന്റെ നേതൃത്വം വഹിക്കുന്നത് പഞ്ചായത്തുകളാണ്. ഒരു കോടി രൂപ ഡിപ്പാർട്ടുമെന്റിൽ നിന്നും പഞ്ചായത്തുകൾക്ക് കൊടുക്കുന്നുണ്ട്. അവരുടെ പദ്ധതിവിഹിതത്തിൽ നിന്നുകൂടി എടുത്തു കൊണ്ട് കൂടുതൽ നല്ല നിലയ്ക്ക് ജലാശയങ്ങളിലും കുളങ്ങളിലും എല്ലാം മത്സ്യം വളർത്തുന്നുണ്ട്. അതിന് കുഞ്ഞുങ്ങളെ കൊടുക്കാനായിട്ടുള്ള ചുതമലയും, തീറ്റി കൊടുക്കാനായിട്ടുള്ള ചുമതലയും ഗവൺമെന്റ് ഏറ്റെടുത്തിട്ട് പഞ്ചായത്തുകൾ വഴി നടപ്പാക്കുകയാണ്.

ഡോ. എം. എ. കുട്ടപ്പൻ : 1997-98 മുതൽ ഓരോ വർഷവും മത്സ്യക്കൃഷി നടത്തുന്ന കൃഷി ഭൂമിയുടെ വിസ്തൃതി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇത്രയും സ്ഥലത്ത് കൃഷി ചെയ്യാൻ ഓരോ വർഷവും സംസ്ഥാനഗവൺമെന്റിന് എത്ര കോടി രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട് ? ഗവൺമെന്റിനും അതുപോലെ ലോക്കൽ ബോഡീസിനും ഇതിൽനിന്നും എത്ര റിട്ടേൺ കിട്ടിയിട്ടുണ്ടെന്ന് പഠിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ കണക്ക് ഒന്ന് പറയാൻ കഴിയുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മൊത്തത്തിലുള്ള കണക്ക് ഞാൻ പറയാം. 1997-98-ൽ 18.33 കോടി രൂപയുടെ 6110 ടൺ ശുദ്ധജല മത്സ്യവും 2.10 കോടി രൂപയുടെ 300 ടൺ ആറ്റുകൊഞ്ചും, 26 കോടി രൂപയുടെ 1300 ടൺ ചെമ്മീനും ഉൽപ്പാദിപ്പിച്ചു. 1998-99-ൽ 48.13 കോടി രൂപയുടെ ശുദ്ധജല മത്സ്യവും, 20 കോടിരൂപയുടെ 1000 ടൺ ആറ്റുകൊഞ്ചും 22.50 കോടി രൂപയുടെ 1125 ടൺ ചെമ്മീനും ഉൽപ്പാദിപ്പിച്ചു. 1999-2000-ന്റെ ഉൽപ്പാദനത്തിന്റെ തോത് ഇതിൽപ്പെട്ടിട്ടില്ല. അത് ഇനി എടുക്കാൻ പോകുന്നതേയുള്ളൂ.

ഡോ. എം. എ. കുട്ടപ്പൻ : ഓരോ വർഷവും നമുക്ക് ലഭിക്കുന്ന ചെമ്മീനിന്റേയും ആറ്റുകൊഞ്ചിന്റേയും ഒക്കെ കണക്ക് അങ്ങ് പറയുകയുണ്ടായി. ഇതിന്റെ പ്രയോജനം ട്രെഡീഷണൽ ഫിഷർമെനിൽ എത്ര ശതമാനം ആളുകൾക്ക് ലഭിക്കുന്നുണ്ട്. എനിക്ക് തോന്നുന്നത്, പ്രധാനമായും ഇതുകൊണ്ട് മറ്റുള്ള സ്വകാര്യ വ്യക്തികൾക്കാണ് പ്രയോജനം ലഭിക്കുന്നത്. മറിച്ച് ഇതിന്റെ പ്രയോജനം സാധാരണക്കാരായിട്ടുള്ള ട്രെഡീഷണൽ ഫിഷർമെനിന് എത്ര കിട്ടിയിട്ടുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ റിസൾട്ട് പറയാൻ കഴിയുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഉൽപ്പാദനം പൊതുവേ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ജനകീയ മത്സ്യക്കൃഷി തുടങ്ങിയത്. മുൻപ് ഗവൺമെന്റ് ചുമതലപ്പെട്ട് സഹായിച്ച് ഉൾനാടൻ പ്രദേശങ്ങളിൽ തുടങ്ങാനിരുന്ന സ്ഥിതിക്ക് നമ്മുടെ ജനകീയാസൂത്രണ

LIBRARY ARCHIVES Kerala Legislative Assembly

പരിപാടിയുടെ ഭാഗമായി 62000-ൽപ്പരം ഹെക്ടറിൽ ഈ കുളങ്ങളും മറ്റുമായിട്ടുള്ള ഭൂമിയിൽ മത്സ്യക്കൃഷി നടത്താൻ സാധിക്കും എന്നുള്ള സർവ്വേ റിപ്പോർട്ട് കണ്ടതിനുശേഷം ആണ് ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്. അത് ഈ കുളത്തിന്റെ ഉടമസ്ഥന്മാരും പഞ്ചായത്ത് വക സ്ഥലത്തിന്റെ ഉടമസ്ഥത വഹിക്കുന്ന പഞ്ചായത്തും ഇതെല്ലാം കേന്ദ്രീകരിച്ചുകൊണ്ടാണ് നടത്തുന്നത്. അതിന്റെ ഉൽപ്പാദനം അതിന്റെ ആൾക്കാർക്കുതന്നെ എടുക്കാൻ സാധിക്കും. അങ്ങനെയാണ് ഇപ്പോഴത്തെ സംവിധാനം.

ശ്രീ. പി. വിശ്വൻ : ജനകീയ മത്സ്യക്കൃഷി വളരെ വിപുലമായി ജനകീയമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് കൂടുതൽ ഗ്രാമീണ മേഖലയിലേക്ക് വ്യാപിപ്പിക്കുമ്പോൾ ആവശ്യത്തിനുള്ള മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല. മാത്രമല്ല നാടൻ മത്സ്യം, ബ്രാൽ പോലെയുള്ള സ്വാദിഷ്ഠമായ മത്സ്യം, അത്തരം മത്സ്യങ്ങൾ ഉണ്ടാക്കത്തക്ക രൂപത്തിലുള്ള നാടൻ മത്സ്യക്കുഞ്ഞുങ്ങളെ കൂടി വിപുലപ്പെടുത്തിയെടുക്കാനുള്ള പദ്ധതിക്ക് സർക്കാർ മുൻകൈയെടുക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ കാര്യം സാധിക്കുന്നതിനുവേണ്ടി കൂടുതൽ ഹാച്ചറികൾ ഉണ്ടാക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. പുറമേ നിന്നും പ്രൈവറ്റായിട്ടുള്ള ആളുകൾ അവർക്ക് ആവശ്യമുള്ള മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങിവരുന്നു. ബംഗാളിൽ ഒരു സ്ഥലത്ത് പോയ സമയത്ത് ഒരു കൊല്ലത്തിൽ ഏതാണ്ട് 62 കോടി രൂപയുടെ മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന ഒരു കേന്ദ്രം ഉണ്ടായിരുന്നു. ഞാൻ അവിടെ പോയി അവരുമായി സംസാരിച്ചു. അവരുടെ സഹായത്തോടുകൂടി ഇവിടെയും വലിയ ഹാച്ചറി നല്ല രീതിയിൽ ഏർപ്പെടുത്തണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം.

ശ്രീ. സി. എഫ്. തോമസ് : ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ച ഉൾനാടൻ മത്സ്യ കൃഷിയുടെ ഭാഗമായിട്ട് കുട്ടനാട്ടിൽ 'ഒരു നെല്ലും ഒരു മത്സ്യക്കൃഷിയും' എന്നൊരാശയം നടപ്പിലാക്കാൻ തുടങ്ങിയപ്പോൾ, ഇപ്പോൾ ഈ മത്സ്യക്കൃഷിക്ക് എതിരായിട്ട് തൊഴിലാളികൾ മുന്നോട്ട് വന്നിരിക്കുന്ന സാഹചര്യത്തിൽ കൃഷിക്കാരുടെ സംഘടനകളേയും, തൊഴിലാളി സംഘടനകളേയും ഒരുമിച്ച് വിളിച്ചിരുത്തി ചർച്ച ചെയ്ത് ഒരു നെല്ല് ഒരു മത്സ്യക്കൃഷി എന്നുള്ള രീതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഒരു നെല്ലും ഒരു മത്സ്യവും കൃഷി ചെയ്യുന്നതുകൊണ്ട് നെൽകൃഷിക്ക് എന്തോ അബദ്ധം പറ്റുന്നു എന്നൊരു ധാരണ ഉണ്ട്. അത് ശരിയല്ല. കാരണം ഗവൺമെന്റ് ഈ പണി തുടർന്നു ചെയ്യുന്നതിനുമുമ്പുതന്നെ കർഷകർ ഇടപെട്ട് കൊയ്ത്തു കഴിഞ്ഞ ആ പാടത്ത് വിളവ് എടുക്കുന്ന സമയം കഴിഞ്ഞാൽ മത്സ്യക്കൃഷിചെയ്ത് ഫലപ്രദമായി നടത്തി വരുന്നുണ്ട്. ചങ്ങനാശ്ശേരിയും കുട്ടനാടിന്റെ പ്രദേശമാണ്. കോട്ടയം, ആലപ്പുഴ ഭാഗങ്ങളിലുമെല്ലാം തന്നെ രണ്ടുകൃഷിയും കൂടി പരസ്പരം സഹായകമായി മത്സ്യത്തിന്റെ കാഷ്ഠം വീണ് നെല്ലിന് വളമാകുന്നു. അതുപോലെ തന്നെ കൊയ്ത്തു കഴിഞ്ഞാൽ ആ നെല്ല് ഈ മത്സ്യത്തിനും തീറ്റിയാകുന്നുണ്ട്. ഇങ്ങനെ പരസ്പരം പൂരകമായി ഈ കൃഷിയും മത്സ്യഉല്പാദനവും നടന്നു വരുന്നുണ്ട്. മത്സ്യ ഉൽപ്പാദനത്തിന് കൃഷിയിൽ നിന്ന് കിട്ടുന്നതിനേക്കാൾ കൂടുതൽ വരുമാനം ഉണ്ട്. ഇപ്പോൾ കർഷകത്തൊഴിലാളികളുടേയും എതിർപ്പ് താരതമ്യേന ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. പി. രാജു : നമ്മുടെ സംസ്ഥാനത്ത് ജനകീയ മത്സ്യക്കൃഷിക്കുവേണ്ടി കൊണ്ടു വരുന്ന മത്സ്യക്കുഞ്ഞുങ്ങൾ കേരളത്തിന്റെ സാഹചര്യവുമായി പൊരുത്തപ്പെടാത്തതുകൊണ്ട് അതിലെ വളർച്ച പലതും നഷ്ടപ്പെടുന്നു എന്ന പരാതി പരക്കെ ഉയർന്നുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് കേരളത്തിന്റെ പരിസ്ഥിതിക്കനുകൂലമായ, കേരളത്തിന്റെ വെള്ളത്തിന് അനുയോജ്യമായ മത്സ്യക്കുഞ്ഞുങ്ങളെ കളക്ട് ചെയ്യാനും കേരളത്തിലെ ജലാശയങ്ങളിൽ വിതരണം ചെയ്യാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? ഇതു സംബന്ധിച്ച് എന്തെങ്കിലും പരിശോധന ഗവൺമെന്റ് നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മത്സ്യക്കുഞ്ഞ് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഹാച്ചറി കൂടുതൽ ഉണ്ടാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം. പുറമേ നിന്നും വരുന്നതിന്റെ കാര്യത്തെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടില്ല. രോഗം സംബന്ധിച്ച് ഈയിടെ ഉണ്ടായിട്ടുള്ള ആപത്ത് നോക്കിയപ്പോഴും പുറമേ നിന്ന്, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന്, വരുന്നതിന് ഈ രോഗബാധ ഉണ്ടായിട്ടുള്ളത് നമ്മുടെ ഭാഗത്തേക്ക് കൂടുതൽ ഉൾനാടൻ പ്രദേശത്തേക്ക് കടക്കാതിരിക്കാൻ ആവശ്യമായിട്ടുള്ള ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്. കൂടുതൽ ഹാച്ചറികൾ വരുന്നതോടുകൂടി പുറമേ നിന്നുള്ള ഹാച്ചറികളെ ആശ്രയിക്കേണ്ട സ്ഥിതി നമുക്ക് ഉണ്ടാകാതിരിക്കത്തക്ക നിലയ്ക്കാണ് പുതിയ ഹാച്ചറികൾ തുടങ്ങാൻ ഗവൺമെന്റ് ആലോചിച്ചത്.

ശ്രീ. ജോണി നെല്ലൂർ : മത്സ്യക്കൃഷി സജീവമാകുന്നു എന്ന് അങ്ങ് പറയുകയുണ്ടായി. മത്സ്യക്കൃഷി ചെയ്യുന്ന മേഖലകളിലൊക്കെ ഇപ്പോൾ അങ്ങ് പറഞ്ഞതുപോലെ വിവിധ രോഗങ്ങൾ ബാധിച്ച് ഈ മത്സ്യങ്ങൾ നശിച്ചു പോകുന്നു. ലക്ഷ്യമിട്ടിരിക്കുന്ന രീതിയിൽ ഉൽപ്പാദനത്തിലെത്താൻ കഴിയുന്നില്ല. ഇതുപോലെ രോഗം ബാധിക്കുന്നത് തടയാനായി എന്തെങ്കിലും ഫലപ്രദമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ഈ രോഗം തടഞ്ഞ് നമ്മൾ ലക്ഷ്യമിട്ടിരിക്കുന്നതുപോലെ മത്സ്യം ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ ഏതെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : രോഗം വന്നതിനുശേഷം ആ രോഗം പടർന്ന് പിടിക്കാതിരിക്കാൻ ആവശ്യമായിട്ടുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ രോഗം ഏതു വഴിക്കൊക്കെ വരുന്നു എന്നുള്ളത് മനസ്സിലാക്കി കാലേക്കൂട്ടി മത്സ്യത്തിന് രോഗമേ ഇല്ലാത്ത സ്ഥിതി ഉണ്ടാക്കാൻ സാധിക്കുമോയെന്നുള്ള കാര്യം സംശയമാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ജനകീയ മത്സ്യക്കൃഷിയുടെ ഭാഗമായി പുഴകളിലും കുളങ്ങളിലും മത്സ്യവിത്ത് കൊടുത്ത് മത്സ്യക്കൃഷി നടത്തുന്നതിനുള്ള പ്രവർത്തനം മന്ത്രി തന്നെ മുൻകൈയെടുത്ത് നടത്തുകയുണ്ടായി. കണ്ണൂർ ജില്ലയിലെ ഏക്കർ കണക്കിന് വിസ്തൃതമായ കുളങ്ങളിലും മന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് മത്സ്യവിത്ത് നിക്ഷേപിക്കുകയും മത്സ്യക്കൃഷി ആരംഭിക്കുകയും ചെയ്തു. പക്ഷേ, നാട്ടുകാർപോലും വളരെ ശക്തിയായി പരാതി പറഞ്ഞിട്ടുള്ളത് അവിടങ്ങളിൽ കാര്യമായി മത്സ്യങ്ങളൊന്നും ഉണ്ടായില്ലാ എന്നുള്ളതാണ്. അവിടെ മത്സ്യം വളരുന്നതിനുമുൻപുതന്നെ ഒരുതരം പക്ഷികൾ വിത്ത് കൊത്തിയെടുക്കുന്ന നിലയുണ്ടായിട്ടുണ്ട്. മത്സ്യക്കൃഷിക്കുവേണ്ടി വിത്ത് നിക്ഷേപിച്ചശേഷം അതു സംരക്ഷിക്കുന്നതിനാവശ്യമായ സംവിധാനങ്ങളൊന്നും ഇല്ലാത്തതുകൊണ്ടാണ് ഈ പ്രശ്നമുണ്ടായിട്ടുള്ളത്. അത് സംരക്ഷിക്കുന്നതിനു വേണ്ട നടപടികൾ കൂടി കാര്യക്ഷമമായി ആസൂത്രണം ചെയ്യുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മെമ്പർ സൂചിപ്പിച്ചത് കിളികളുടെ ശല്യം ഒഴിവാക്കാനായിട്ട് എന്തെങ്കിലും ചെയ്യുമോ എന്നുള്ളതാണ്. അത് പണ്ടത്തെ പാട്ടുകളിൽ പറയുന്നതുപോലെ 'വിള നോക്കാനവളിറങ്ങി, അവളുടെ കൈയിൽ വള കിലുങ്ങി. വളക്കിലുക്കം കേട്ടതോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

കിളികളെല്ലാം പറന്നുപോയി.' അതുപോലെ അവിടത്തന്നെ എന്തെങ്കിലും സംവിധാനം ഉണ്ടാക്കുക എന്നതാണ്. വളകിലുക്കിയതുപോലെ കിളികളെ ഓടിക്കാൻ എന്തെങ്കിലും നടപടി വേണമെന്ന് സൂചിപ്പിക്കുനാണ് പറഞ്ഞത്.

ശ്രീ. പി. ജെ. ഫ്രാൻസിസ് : ജനകീയ മത്സ്യക്കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കപ്പെട്ട മത്സ്യത്തിന്റെ വില ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ജനകീയ മത്സ്യക്കൃഷിക്ക് സർക്കാർ ചെലവാക്കിയ പണത്തിൽനിന്ന് എന്തെങ്കിലും തിരികെ ലഭിച്ചിട്ടുണ്ടോ ? അതല്ല തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് എന്തെങ്കിലും തിരികെ ലഭിക്കാറായിട്ടുണ്ടോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : തിരികെ വാങ്ങാനുള്ള നടപടി ആവശ്യമില്ല. കാരണം അവർ മത്സ്യഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനം നടത്താൻ സഹായിക്കുകയാണ്. അതിന് ഞങ്ങൾ കൊടുക്കുന്ന സഹായത്തിനു പുറമേ ഗവൺമെന്റ് വിഹിതമായി അവർക്കു കിട്ടുന്ന പണംകൂടെ ഉപയോഗിച്ചുകൊണ്ട് മത്സ്യരംഗത്ത് ധാരാളം കാര്യങ്ങൾ പഞ്ചായത്തുകളും ഗവൺമെന്റും സഹകരിച്ച് നടത്തുന്നുണ്ട്. പണം തിരികെ കൊടുക്കണമെന്നുള്ള ഉദ്ദേശമില്ല.

ശ്രീ. എ. അലി ഹസ്സൻ : ചെമ്മീൻ കുഞ്ഞുങ്ങളെ വളർത്തുന്നതിനുവേണ്ടി വർക്കലയിൽ 5 ഏക്കറോളം സ്ഥലം 'അഡാക്ക്'ന്റെ ആഭിമുഖ്യത്തിൽ വിലയ്ക്കെടുക്കുകയുണ്ടായി. അതിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. കാരണം വ്യക്തമാക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 'അഡാക്ക്'ന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷം സുപ്രീംകോടതിയിൽ നിന്നുള്ള ഒരു നിരോധനത്തിന്റെ പേരിൽ അതിന്റെ പ്രവർത്തനം തുടർന്നു പോരുന്നില്ല. ആ നിരോധനം മാറ്റിക്കിട്ടുന്നതിനുവേണ്ടി കോടതിയിൽ വാദിക്കാൻ ഒരു ഏർപ്പാട് ചെയ്തിട്ടുണ്ട്. അതു കഴിഞ്ഞാൽ നമുക്ക് പുനരാരംഭിക്കാൻ സാധിക്കും.

ശ്രീ. തോമസ് ചാഴികാടൻ : നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു, നെൽക്കൃഷി ലാഭകരമല്ലാത്തതുകൊണ്ട് ഒരു സീസണിൽ നെൽക്കൃഷിയും അടുത്ത സീസണിൽ മത്സ്യക്കൃഷിയും പ്രോത്സാഹിപ്പിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നതെന്ന്. അതുകൊണ്ട് നെൽക്കൃഷിക്കാർ ബുദ്ധിമുട്ടിലാവുകയാണ് ഒരു സീസണിൽ നെൽക്കൃഷി നടത്തുകയും അടുത്ത സീസണിൽ മത്സ്യക്കൃഷി നടത്തുകയും ചെയ്യുന്ന നെൽക്കർഷകർക്ക് സാധാരണ ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന പമ്പിംഗ് സബ്സിഡി നിഷേധിച്ചുകൊണ്ട് കൃഷിവകുപ്പ് ഉത്തരവിറക്കിയിരിക്കുകയാണ്. അത് തിരുത്തുന്നതിന്, മത്സ്യക്കൃഷി നടത്തി എന്ന കാരണം കൊണ്ട് പമ്പിംഗ് സബ്സിഡി നിഷേധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന്, ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അത് പരിശോധിക്കാം.

പ്രൊഫ. എ. വി. താമരാക്ഷൻ : സംസ്ഥാന ഗവൺമെന്റ് പ്രത്യേകിച്ച് കുട്ടനാടൻ മേഖലയിൽ നെൽക്കൃഷിയും മത്സ്യക്കൃഷിയും അംഗീകരിച്ചിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ മത്സ്യക്കൃഷിക്കാവശ്യമായ നല്ലയിനം വിത്തുകൾ ആവശ്യമായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഉപ്പോൾത്തന്നെ മാരകമായ രോഗബാധ ഉണ്ടായിരിക്കുന്നുവെന്ന്. കേരളത്തിനു വെളിയിൽ നിന്നുംകൊണ്ടുവന്ന മത്സ്യക്കുഞ്ഞുങ്ങളിൽനിന്നാണ് അതുണ്ടായത്. ആലപ്പുഴ ജില്ലയിൽ വരുംനാളിൽ ഉണ്ടാകാവുന്ന വലിയ ഡിമാന്റ് കണക്കിലെടുത്തുകൊണ്ട് പൊതുമേഖലയിൽ കൂടുതൽ ഹാച്ചറി ആരംഭിക്കാൻ സംസ്ഥാന ഗവൺമെന്റ് ഈ വർഷം തന്നെ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കൂടുതൽ ഹാച്ചറി തുടങ്ങണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ഉദ്ദേശം.

890/2010.

LIBRARY ARCHIVES Kerala Legislative Assembly